ശ്രീ. ടി. കെ. നാരായണപിള്ള: ചിലവാകുന്നുണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ ഓയിൽ എക്സ്പോർട്ട് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എക്സ്പോർട്ട് ചെയ്യുന്നുണ്ട്.

ശ്രീ. എം. ഐ. പോൾ: ഈ കമ്പനിക്കുവേണ്ട ഓയിൽ സപ്ലൈ ചെയ്യുന്നതു വെസ്റ്റ്കോസ്റ്റ് ഫിഷറീസാണോ?

ശ്രീ ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. പി. കെ. ഡീവർ: ഷാക്കു് ലിവർ ഓയിൽ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരുന്നതു് ഈ കമ്പനി വരുന്നതിനു മുമ്പാണോ അതോ അതിനുശേഷമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനി വരുന്നതിനു മുമ്പുതന്നെ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരുന്നു. പ്രൊഡക്ഷൻ ആദായകരമാക്കുന്നതിനാണു പുതിയ മാനേജ്മെൻറിൽ തുടങ്ങിയതു്.

ശ്രീ. പി. കെ. ഡീവർ: ഇതു വിൽക്കുന്നതിനു എങ്കിലും ഏജൻസി കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ചിന്താവിഷയമായിരിക്കുകയാണു്.

ശ്രീ. പി. കെ. ഡീവർ: മുമ്പു് എങ്കിലും ഏജൻസി ഉണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. D. Gnanasigamoni: Do the Government propose to allow private parties to engage in this business?

Sri. T. K. Narayana Pillai: No. Government have no such proposal.

ശ്രീ. എം. ഐ. പോൾ: ഈ കമ്പനി ഡയറക്ടേഴ്സ് നടത്തുന്നതോ അതോ ഗവൺമെൻറാണോ നടത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറിൽനിന്നും നടത്തുന്നതാണെന്നു ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്.

ശ്രീ. പി. കെ. ഡീവർ: ഈ കമ്പനിയുടെ ആവശ്യത്തിലേക്കു് പരിഷ്കൃതരീതിയിലുള്ള യന്ത്രസാമഗ്രികൾ വല്ലതും വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വരുത്തണമെന്നു വിചാരിച്ചുകൊണ്ടിരിക്കുകയാണു്. മിക്കവാറും അടുത്ത വർഷം വരുത്തും.

ആലുവാ—എറണാകുളം ബസ്സ് ലൈൻ

*നമ്പർ ൪. (൨൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന പോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ആലുവാ—എറണാകുളം ബസ്സ് ലൈൻ ഗവൺമെണ്ടിൽനിന്നും ഏറ്റെടുക്കുമെന്നു കാണിച്ചു, ബസ്സുടമസ്ഥന്മാർക്കു നോട്ടീസ്സു കൊടുത്തിരുന്നോ; അതിനുശേഷം അതു മാറ്റാൻ കാരണമെന്തു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല. രണ്ടാംഭാഗം പോദ്യം ഉദിക്കുന്നില്ല.

ശ്രീ എൻ. വി. ചാക്കോ: ഈ ലൈൻ ഡബിൾഡക്കു് ബസ്സുകൾ ഓടിക്കുന്നതിനു പറ്റിയതാണെന്നു അറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അഭിപ്രായവ്യത്യാസമുള്ള കാര്യമാണു്. അവിടെ ധാരാളം വളവുകളുണ്ടു്. റോഡിന്റെ അരികിൽ മരങ്ങളുടെ കമ്പു് ധാരാളമായി തൂങ്ങിക്കിടക്കുകയും ചെയ്യുന്നുണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: മരങ്ങളുടെ കമ്പു വെട്ടിനീക്കുന്നതിനു തടസ്സം വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു നിയമതടസ്സമൊന്നുമില്ല.

ബുൾഡോസറുകൾ

*൩൪൪. (൨൨) ശ്രീ. കോന്നാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിൽ സംയോജനത്തിനു മുൻപു എത്ര ബുൾഡോസറുകൾ ഓരോ ഗവൺമെണ്ടും മേടിച്ചു;

(ബി) ആ ബുൾഡോസറുകൾ ലേലത്തിൽ വിൽക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ സംയോജനത്തിനു ശേഷമാണോ;

(ഡി) ലേലത്തിൽ കൊടുത്തുവെങ്കിൽ എത്ര സംഖ്യയ്ക്കാണു കൊടുത്തതു്;

(ഇ) മേടിച്ച വില എന്തായിരുന്നു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഒരു ബുൾഡോസർ തിരുവിതാംകൂർ ഗവൺമെണ്ടും ബുൾഡോസറും ട്രാക്ടറും ചേർത്തു് എഴെണ്ണം കൊച്ചി ഗവൺമെണ്ടും വാങ്ങിച്ചിരുന്നു.

(ബി) ഇല്ല.

(സി), (ഡി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഇ) വസ്തുവകകൾ ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലേക്കു സമർപ്പിച്ചതിനുശേഷം ഗവൺമെണ്ടിന്റെ കാലത്താണു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊച്ചിയിൽ ഏ ബുൾഡോസർ വാങ്ങിച്ചതു് എത്ര ഗവൺമെണ്ടിന്റെ കാലത്താണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഏ ബുൾഡോസർ വാങ്ങിച്ചു എന്നു ഞാൻ പറഞ്ഞതില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊച്ചിയിൽ എത്ര ബുൾഡോസർ വാങ്ങിച്ചു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: മറുപടി ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ അതിൽ എത്രയെണ്ണം പ്രവർത്തനത്തിൽ ഇരിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാം പ്രവർത്തനത്തിൽതന്നെ ഇരിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള. എവിടെയാണു് അതു പ്രവർത്തനത്തിലിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പല സ്ഥലങ്ങളിലും അതു പ്രവർത്തിക്കുന്നുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രധാനമായി എവിടെയാണു് പ്രവർത്തിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു പ്രത്യേകം ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly